പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

08.02.2013-ൽ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 1209
നൽകേണ്ടത്

## സീറോലാന്റ് ഹോൾഡേഴ്സ്

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ

(എ) സീറോ ലാന്റ് ഹോൾഡേഴ്സിനെ കണ്ടെത്തുന്നതിനും അവർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ എവിടെവരെയായി എന്ന് വ്യക്തമാക്കാമോ; ഭൂമിയില്ലാത്ത എത്രപേരെ ഇതിനോടകം കണ്ടെത്തി എന്ന് പറയുമോ; ഇവർക്ക് എത്ര സെന്റ് ഭൂമി വീതമാണ് നൽകാൻ പോകുന്നതെന്ന് പറയുമോ; ആകെ എത്ര ഭൂമി കണ്ടെത്തിയെന്നും നിലവിൽ ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി നൽകാൻ എത്ര ഭൂമി വേണമെന്നും പറയുമോ; എത്ര കാലയളവിനുള്ളിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുമെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) 2015-ാം വർഷത്തോടുകൂടി കേരളത്തിനെ ഭൂരഹിത കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കാണ് Zero landless (Citizens) Kerala – 2015 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ലഭ്യമായ അപേക്ഷകളിൽ വില്ലേജ് ഓഫീസർ, തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ 2,33,232 ഭൂരഹിത കുടുംബങ്ങളെ അർഹരായി കണ്ടെത്തി അവരുടെ ലിസ്റ്റ് 15.08.2012-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അർഹരായ ഭൂരഹിത കുടുംബത്തിന് 3 സെന്റ് ഭൂമി വീതം നൽകാനാണ് തീരുമാനം. ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. 3 സെന്റ് ഭൂമി നൽകുന്നതിന് ആവശ്യമായ ഭൂമിയുടെ ലഭ്യത ജില്ലാ തലത്തിൽ പരിശോധിച്ചു വരുന്നു. 15.02.2013 വരെ ലഭിക്കുന്ന അപേക്ഷകളിൽ കൂടി പ്രാഥമിക പരിശോധന നടത്തിയ ശേഷം മാത്രമേ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയുകയുള്ളൂ. 2015 ആഗസ്റ്റിന് മുമ്പായി മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകുന്നതാണ്.

(ബി) സീറോ ലാന്റ് ഹോൾഡേഴ്സിന് നൽകാനുള്ള ഭൂമിയിൽ എത്ര ഹെക്ടർ ഭൂമി ഈ സർക്കാരിന്റെ കാലയളവിൽ കണ്ടെത്തിയതാണെന്ന് വ്യക്തമാക്കുമോ; ഈ ഭൂമി കണ്ടെത്തുന്നതിനും അപേക്ഷകരുടെ അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ കണ്ടെത്തുന്നതിനും സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; ഇതിനുവേണ്ടി വില്ലേജ് ഓഫീസുകളിൽ അധികമായി ജീവനക്കാരെ നിയമിക്കുകയുണ്ടായോ?

(ബി) ഭൂരഹിതരായ കുടുംബങ്ങൾക്കും ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നു വരുന്നു.

കേരള സംസ്ഥാനത്ത് ജനിച്ച് സ്ഥിരതാമസമാക്കിയിട്ടുള്ളതും, സംസ്ഥാനത്തിനകത്തോ പുറത്തോ സ്വന്തമായി അപേക്ഷകനുൾപ്പെടുന്ന കുടുംബങ്ങൾക്ക് ഭൂമിയില്ലാത്തതും, പാരമ്പര്യമായി ഭാവിയിൽ ഭൂമി ലഭിക്കുവാൻ സാധ്യതയില്ലാത്തതും, പഞ്ചായത്ത് പ്രദേശങ്ങളിൽ 75,000/- രൂപയിൽ താഴെയും കോർപ്പറേഷൻ/ മുനിസിപ്പലിറ്റി പ്രദേശങ്ങളിൽ 100000/- രൂപയിൽ താഴെയും കുടുംബ വാർഷിക വരുമാനമുള്ളവരുമായ അപേക്ഷകരെയാണ് പരിഗണിച്ചത്. വില്ലേജ് ഓഫീസർ, തഹസീൽദാർ എന്നിവർ അന്വേഷണം നടത്തി അർഹത പരിശോധിച്ചാണ് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചത്. ഈ പദ്ധതിക്ക് വേണ്ടി അധികമായി ജീവനക്കാരെ നിയമിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ